# സീനിയർ സെക്കണ്ടറി
# മലയാളം (343)
# MALAYALAM
# നിർദ്ദിഷ്ട പഠനപ്രവർത്തനം
# Tutor Marked Assignments

പരമാവധി മാർക്ക് : 20
Max Marks : 20

**കുറിപ്പ് :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

(ii) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയനകേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) തീവണ്ടിയാപ്പീസിൽ മരണാസന്നനായി കിടക്കുന്ന മനുഷ്യനെ, തീവണ്ടി ചെല്ലാത്തൊരിടത്തിലേയ്ക്കാണ് അവന്റെ യാത്രയെന്ന് കവി സൂചിപ്പിക്കുന്നതെന്തുകൊണ്ട് ?

(ആധാരം : പാഠം 6) ( 2 മാർക്ക് )

(2) '' ചീത്ത വാക്കുകൾ അറിയുന്നതും വിദ്യാഭ്യാസം തന്നെ ''. ഡോ. സുകുമാർ അഴീക്കോട് ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?

(ആധാരം : പാഠം 8) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) പഴയകാലത്തെ ആശയവിനിമയ രീതികൾ എന്തൊക്കെയായിരുന്നു എന്നാണ് ലേഖകൻ സൂചിപ്പിക്കുന്നത് ?

(ആധാരം : പാഠം 10) ( 2 മാർക്ക് )

(2) '' പോവൂ, ആ തൊഴിലില്ലാത്തവരോടു പോയി പറയൂ, എനിക്കിന്നാരേയും കാണാൻ സമയമില്ല, എനിക്കിന്ന് സുഖമില്ല, ഇത് സന്ദർശന സമയമല്ല. നാളെ വരാൻ പറയൂ'' എന്ന് നേതാവ് ദേഷ്യത്തോടെ പറഞ്ഞെങ്കിലും സെക്രട്ടറി ഉള്ളിലൂറിയ ചിരിയടക്കിക്കൊണ്ട് ക്ഷമാപൂർവ്വം കാത്തുനിന്നത് എന്തുകൊണ്ട് ?

(ആധാരം : പാഠം 4) ( 2 മാർക്ക് )

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) ഗാന്ധിജി അലക്കുകാരന്റെ അടിമത്തത്തിൽ നിന്ന് മോചിതനായതെങ്ങനെ ?

(ആധാരം : പാഠം 12) ( 2 മാർക്ക് )

(2) ഏതൊക്കെ മധുരതരമായ ഭക്ഷ്യവസ്തുക്കൾ തനിക്കു കൊണ്ടുവന്നു തരണമെന്നാണ് കൃഷ്ണൻ കൊതിയോടെ ആവശ്യപ്പെടുന്നത് ?

(ആധാരം : പാഠം 1 ) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) പൊതുപ്രവർത്തനത്തിന്റെ തിരക്കിനിടയിൽ ജീവിതം മറന്നുപോയ ഗോവിന്ദൻകുട്ടിക്കുള്ള ഒരു ഓർമ്മപ്പെടുത്തലാണോ കുഞ്ഞാത്തലമ്മ എന്ന കഥാപാത്രം ? വിലയിരുത്തുക

(ആധാരം : പാഠം 4 ) ( 4 മാർക്ക് )

(2) ഡോ. സുകുമാർ അഴീക്കോട്, താൻ പിറന്ന വീടിന്റെ അയൽപക്കത്തെ ഓർത്തെടുക്കുന്നതെങ്ങനെ ?

(ആധാരം : പാഠം 8) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) 'തൊഴിലാളികളുടെയും മുതലാളിമാരുടെയും ജീവിതാവസ്ഥ താരതമ്യം ചെയ്യുന്നതാണ് മാപ്പ് എന്ന കവിത ' - സമർത്ഥിക്കുക ?

(ആധാരം : പാഠം 6) ( 4 മാർക്ക് )

(2) 'ആധുനിക മാധ്യമങ്ങൾ അടിസ്ഥാനപരമായി ദൃശ്യങ്ങളിലൂടെയാണ് സംവദിക്കുന്നത്'- ദൃശ്യമാധ്യമങ്ങളുടെ സവിശേഷതകളെ ലേഖകൻ വിലയിരുത്തുന്നതെങ്ങനെ ?

(ആധാരം : പാഠം 10 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) ഹൃദയത്തിൽ തങ്ങിനിൽക്കുന്ന മധുരതരമായ ബാല്യകാലാനുഭവങ്ങൾ അയവിറക്കിക്കൊണ്ട് നിങ്ങളുടെ സുഹൃത്തിന് ഒരു കത്തെഴുതുക

(ആധാരം : പാഠം 1 ) ( 6 മാർക്ക് )

(2) 'ജീവിതവിജയത്തിന് ലളിതജീവിതം അനിവാര്യമാണ് '- ഈ വിഷയത്തെ ആസ്പദമാക്കി ഒരു പ്രഭാഷണം തയ്യാറാക്കുക

(ആധാരം : പാഠം 12) ( 6 മാർക്ക് )